**General** # Social Science **Set B**

## Performa for Scoring & Marking Scheme

| Qn. No | Score | Value Points | Instructions |
|---|---|---|---|
| 1 | 1 | C) ഉട്ടോപ്പിയ, ഡോൺ കിഹോട്ട്, ഡിവൈൻ കോമഡി | |
| 2 | 1 | C) a-ii, b-iv, c-i, d-iii | |
| 3 | 1 | B) b യും d യും | |
| 4 | 1 | B) 1-b, 2-a | |
| 5 | 1 | B) i-c, ii-d, iii-a, iv-b | |
| 6 | 1 | B) പ്രതിരോധം | |
| 7 | 1 | B) a യും c യും ശരി | |
| 8 | 1 | D) മസ്ദൂർ കിസാൻ ശക്തി സംഘതൻ | |
| 9 | 2 | തൊഴിലില്ലായ്മ – (സാമാന്യ ബോധജ്ഞാനത്തിലൂടെ)<br>അലസത, നൈപുണികളുടെ അഭാവം, വ്യക്തിഗതപരാജയം<br>തൊഴിലില്ലായ്മ – (സമൂഹശാസ്ത്രസങ്കല്പ സമീപനത്തിലൂടെ)<br>സാമ്പത്തികനയങ്ങൾ, ജനസംഖ്യാവർധനവ്, സാമൂഹിക അസമത്വം<br>(ഇത്തരത്തിലുള്ള സമാന ആശയങ്ങൾ ഉൾപ്പെടുത്താം) | |
| 10 | 2 | രാസമാറ്റത്തിലൂടെ ഊർജം പുറത്തുവിടുന്ന ഏതൊരു വസ്തുവിനേയും ഇന്ധനം എന്നു വിളിക്കാം<br>ഉദാ: ഹൈഡ്രജൻ | |
| 11 | 2 | സമുദ്രങ്ങളെ മുറിച്ചുകടക്കാൻ ശേഷിയുള്ള കപ്പലുകളുടെ നിർമ്മാണം, ദിശകണ്ടെത്താൻ സഹായിക്കുന്ന നാവിക ഉപകരണങ്ങളുടെ കണ്ടുപിടിത്തം, ഭൂപട നിർമ്മാണം, വാനനിരീക്ഷണം എന്നീ മേഖലകളിൽ നേടിയ പുരോഗതി | |
| 12 | 2 | • തൽസ്ഥിതി കരാർ<br>• നാട്ടുരാജ്യങ്ങൾ പാകിസ്ഥാനിൽ ചേരുന്നത് തടയാൻ സാധിച്ചു | |
| 13 | 2 | • ഭാവിതലമുറയ്ക്ക് അവരുടെ ആവശ്യങ്ങൾ നിർവഹിക്കാനുള്ള കഴിവിന് കോട്ടം തട്ടാതെ | |



© State Assessment Cell - SCERT Kerala

| | | | |
|---|---|---|---|
| | | വർത്തമാനകാല ആവശ്യങ്ങൾ നിറവേറ്റാൻ സാധിക്കുന്ന രീതിയിലുള്ള വികസനമാണ് സുസ്ഥിരവികസനം.<br>• ആവാസവ്യവസ്ഥയ്ക്ക് കോട്ടം തട്ടാതെയും ആഗോളകാലാവസ്ഥയെ ബാധിക്കാതെയും പ്രകൃതിവിഭവങ്ങൾ പ്രയോജനപ്പെടുത്തുക.<br>• സൗരോർജം, കാറ്റ്, ജലവൈദ്യുതി, ഭൗമതാപോർജം എന്നിവ വികസിപ്പിക്കുക. ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുക.<br>• പ്രകൃതി വിഭവങ്ങളുടെ അമിത ഉപയോഗം കുറയ്ക്കുക, | |
| 14 | 2 | • തിരഞ്ഞെടുപ്പുകളും നിയമനിർമ്മാണസഭകളും ബഹിഷ്കരിക്കണമെന്ന ആശയത്തോടുള്ള വിയോജിപ്പ്<br>• നിയമനിർമ്മാണസഭകളിൽ അംഗത്വം നേടി പോരാട്ടത്തിനുള്ള വേദിയാക്കി മാറ്റി.<br>• നിയമനിർമ്മാണസഭയിലൂടെ സർക്കാരിന്റെ ജനവിരുദ്ധനയങ്ങളെ തുറന്നുകാട്ടി. | |
| 15 | 2 | • മണ്ണിന്റെ രൂപീകരണത്തിന് കാരണമാകുന്നു<br>• ശിലകളിലെ ധാതുക്കൾ വേർതിരിക്കപ്പെടുന്നു<br>• ധാതു സമ്പുഷ്ടീകരണത്തിന് കാരണമാകുന്നു<br>• ഖനനപ്രവർത്തനങ്ങളെ സഹായിക്കുന്നു.<br>(ഏതെങ്കിലും 2 എണ്ണം) | |
| 16 | 3 | • ഉപഭോക്താക്കളിൽ ബോധവൽക്കരണം<br>• സ്വയം സുരക്ഷാമൂല്യം ഉയർത്തുന്നു.<br>• തട്ടിപ്പുകളിൽ നിന്നും തെറ്റായ ഇടപാടുകളിൽ നിന്നും സംരക്ഷിതരാകാൻ ഉപഭോക്താക്കളെ സഹായിക്കുന്നു. (ഏതെങ്കിലും 1)<br>വിദ്യാലയത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ<br>• പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി, പ്രായോഗിക അനുഭവങ്ങൾ അവതരിപ്പിക്കുവാൻ അവസരം<br>• ഉപഭോക്തൃ വിദ്യാഭ്യാസത്തിനായുള്ള ഓൺലൈൻ കോഴ്സുകൾ<br>• ഉപഭോക്തൃ ക്ലബുകൾ (ഏതെങ്കിലും 2 എണ്ണം) | |
| 17 | 3 | • ജനാധിപത്യത്തിന്റെ നിരാസം<br>• സോഷ്യലിസത്തോടുള്ള വിയോജിപ്പ്<br>• സ്വേച്ഛാധിപത്യ ഭരണത്തെ പിന്തുണക്കൽ | |

© State Assessment Cell - SCERT Kerala

| | | | |
|---|---|---|---|
| | | • തീവ്രദേശീയത<br>• രാഷ്ട്രീയ എതിരാളികളെ ഉന്മൂലനം ചെയ്യൽ<br>• യുദ്ധത്തെയും അക്രമത്തെയും മഹത്വവൽക്കരിക്കൽ | |
| 18 | 3 | **ഭൂമധ്യരേഖാകാലാവസ്ഥാമേഖല**<br>**കാലാവസ്ഥ:**<br>• വർഷം മുഴുവൻ ഉയർന്ന താപനിലയും കനത്ത മഴയും ലഭിക്കുന്നു.<br>**നൈസർഗിക സസ്യജാലം:**<br>• നിത്യഹരിത മഴക്കാടുകൾ കാണപ്പെടുന്നു.<br>**കൃഷി:**<br>• തോട്ടവിള കൃഷി വ്യാപകമായി നടത്തുന്നു.<br>• സ്ഥാനമാറ്റ കൃഷി (ഷിഫ്റ്റിംഗ് കൾട്ടിവേഷൻ) ഇവിടെ സാധാരണമാണ്.<br>• ചിലയിടങ്ങളിൽ കുറഞ്ഞ കാലയളവിൽ ധാന്യങ്ങളും കൃഷി ചെയ്യാറുണ്ട്.<br>**ടൻഡ്ര പ്രദേശം (Tundra Region)**<br>**കാലാവസ്ഥ:**<br>• വർഷം മുഴുവൻ അത്യന്തം തണുപ്പ് അനുഭവപ്പെടുന്നു.<br>**നൈസർഗിക സസ്യജാലം:**<br>• വൃക്ഷങ്ങൾ പൊതുവെ കാണപ്പെടുന്നില്ല.<br>• പായൽ, ലൈക്കൺ, (mosses, lichens), കുറ്റിച്ചെടികൾ തുടങ്ങിയവയാണ് പ്രധാന സസ്യവർഗങ്ങൾ.<br>**കൃഷി:**<br>• കൃഷി വളരെ കുറവാണ്. | |
| 19 | 3 | A)<br>**കല, സംസ്കാരം**<br>• ഗോത്രസമൂഹം തങ്ങളുടെ സവിശേഷമായ ഭാഷ, കലാരൂപങ്ങൾ, ആഘോഷങ്ങൾ, സംഗീതം, നൃത്തം എന്നിവയിലൂടെ ഇന്ത്യൻ സംസ്കാരത്തെ പരിപോഷിപ്പിക്കുന്നു. നാനാത്വത്തിൽ ഏകത്വമെന്ന ആശയത്തെ ബലപ്പെടുത്തുന്നു.<br>• ഗോത്രകലകളും സാംസ്കാരിക ഉത്സവങ്ങളും ലോക ശ്രദ്ധ ആകർഷിക്കുന്നു; വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുന്നു. | |

© State Assessment Cell - SCERT Kerala

| | | | |
|---|---|---|---|
| | 3 | കലകൾ (ഇരുളനൃത്തം, പണിയനൃത്തം, മലപ്പുലയാട്ടം, മംഗലംകളി മുതലായവ...)<br>**അല്ലെങ്കിൽ**<br>B)<br>ബഹുസ്വരത നേരിടുന്ന വെല്ലുവിളികളെ ദേശീയോദ്ഗ്രഥനത്തിലൂടെ മറികടക്കാൻ സാധിക്കും.<br>വ്യത്യസ്ത പശ്ചാത്തലം, പ്രദേശം, ഭാഷ, മതം, സംസ്കാരം എന്നിവ പിന്തുടരുന്ന ജനങ്ങളെ അവരുടെ വൈവിധ്യങ്ങളെ മാനിച്ചുകൊണ്ട് ഏകീകൃതവും സൗഹാർദപരവുമായ ഒരു രാഷ്ട്രത്തിലേക്ക് കൊണ്ടുവരുന്ന പ്രക്രിയയാണ് ദേശീയോദ്ഗ്രഥനം. വൈവിധ്യങ്ങളെ മാനിക്കുന്നു. പൗരർക്കിടയിലുള്ള സ്വത്വബോധത്തിനും ഐക്യദാർഢ്യത്തിനും പൊതുസ്വത്വത്തിനും ഊന്നൽ നൽകുന്നു. അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ ഉൾച്ചേർക്കുന്നു. വൈവിധ്യം പുലർത്തുന്ന ഇന്ത്യൻ സമൂഹത്തെ ഒരു ദേശീയ സ്വത്വത്തിലേക്ക് ഒന്നിപ്പിക്കുന്നു. സമൂഹത്തിൽ സഹവർത്തിത്വം, സഹിഷ്ണുത, മതനിരപേക്ഷത എന്നിവ ഉറപ്പുവരുത്തുന്നു. | |
| 20 | 3 | പണത്തിന്റെ ചാക്രിക പ്രവേഗം കൂടുന്നത് സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിനേയും പണത്തിന്റെ ചാക്രികപ്രവേഗം കുറയുന്നത് സാമ്പത്തികവളർച്ച മന്ദീഭവിക്കുന്നതിനെയും സൂചിപ്പിക്കുന്നു. വളർച്ചാ നിരക്ക് കൂടിയ സമ്പദ്‌വ്യവസ്ഥയിൽ ഉൽപാദകർക്കും ഉപഭോക്താക്കൾക്കും കൂടുതൽ പണം ചെലവഴിക്കാൻ സാഹചര്യമുള്ളപ്പോൾ വളർച്ചാനിരക്ക് കുറഞ്ഞ സമ്പദ്‌വ്യവസ്ഥയിൽ ഉൽപാദകർക്കും ഉപഭോക്താക്കൾക്കും കുറച്ചുപണം മാത്രമേ ചെലവഴിക്കാൻ സാഹചര്യമുണ്ടാവുകയുള്ളൂ. | |
| 21 | 3 | A)<br>• മതാടിസ്ഥാനത്തിൽ ജനങ്ങളെ ഭിന്നിപ്പിച്ച് സാമൂഹികസംഘർഷം സൃഷ്ടിക്കുന്ന ആശയമാണ് വർഗീയത<br>• ഭരണഘടനാമൂല്യങ്ങളായ മതേതരത്വം, സാമൂഹികനീതി എന്നിവയെ ദുർബലപ്പെടുത്തുന്നു.<br>• രാഷ്ട്രത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഭീഷണി ഉയർത്തുന്നു<br>• മതത്തിന്റെയും വർഗീയതയുടെയും അടിസ്ഥാനത്തിൽ ജനാഭിപ്രായം | |

© State Assessment Cell - SCERT Kerala

| | | | |
|---|---|---|---|
| | 3 | സ്വരൂപിക്കപ്പെടുന്നതും രാഷ്ട്രീയപ്പാർട്ടികൾ ഇതിനെ വോട്ടർമാരെ സ്വാധീനിക്കാനായി ഉപയോഗിക്കുന്നതും ജനാധിപത്യത്തിന് വെല്ലുവിളി ഉയർത്തുന്നു.<br>**അല്ലെങ്കിൽ**<br>B)<br>• അശാസ്ത്രീയമായ വികസനം സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾക്കും അതുമൂലമുണ്ടാകുന്ന സാമൂഹികനീതി നിഷേധത്തിനുമെതിരായാണ് പരിസ്ഥിതി പ്രസ്ഥാനങ്ങൾ ഉയർന്നുവന്നത്.<br>• വൻകിട ജലസേചന പദ്ധതികൾ, വ്യവസായങ്ങൾ, ഖനനം, വനനശീകരണം തുടങ്ങിയവ ഉണ്ടാക്കുന്ന പാരിസ്ഥിതിക സാമൂഹിക പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നു.<br>• പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം, ജൈവവൈവിധ്യങ്ങളുടെ സംരക്ഷണം, പരിസ്ഥിതി നയരൂപീകരണം, പാരിസ്ഥിതിക അവബോധം വളർത്തൽ, സുസ്ഥിരവികസനം തുടങ്ങിയ വിഷയങ്ങളിൽ ഇടപെടുന്നു. പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ, പാരിസ്ഥിതിക അവകാശങ്ങൾ സംരക്ഷിക്കുന്ന നിയമങ്ങൾ തുടങ്ങിയവയുടെ രൂപീകരണത്തിന് പരിസ്ഥിതി പ്രസ്ഥാനങ്ങൾ കാരണമായിട്ടുണ്ട്.<br>പരിസ്ഥിതി പ്രസ്ഥാനങ്ങൾക്ക് ഉദാഹരണങ്ങൾ: ചിപ്കോ പ്രസ്ഥാനം, നർമ്മദാ ബച്ചാവോ ആന്ദോളൻ, സൈലന്റ് വാലി | |
| 22 | 3 | • ഹരിത വിപ്ലവം<br>• ധവളവിപ്ലവം<br>• നീല വിപ്ലവം<br>• 1960 മുതൽ ഭക്ഷ്യ ഉൽപാദന മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഭക്ഷ്യോൽപാദനരംഗത്ത് നിരവധി വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു. | |
| 23 | 3 | സമ്പാദ്യനിക്ഷേപങ്ങൾക്ക് കുറഞ്ഞ നിരക്കിലുള്ള പലിശയാണ് ബാങ്കുകൾ നൽകുന്നത്. എന്നാൽ സ്ഥിര നിക്ഷേപങ്ങൾക്ക് ബാങ്കുകൾ സേവിംഗ്സ് നിക്ഷേപങ്ങൾക്ക് നൽകുന്നതിനേക്കാൾ കൂടുതൽ പലിശ നൽകുന്നു. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട കാലയളവിന് മുമ്പ് ഈ നിക്ഷേപങ്ങളിൽ നിന്നും പണം പിൻവലിക്കുകയാണെങ്കിൽ | |

© State Assessment Cell - SCERT Kerala

| | | | |
|---|---|---|---|
| | | നിക്ഷേപകർക്ക് ലഭിക്കുന്ന പലിശനിരക്ക് കുറയും. നിക്ഷേപങ്ങളുടെ പലിശ മുതലിനൊപ്പമോ നിക്ഷേപകർ നിശ്ചയിക്കുന്ന വിവിധ കാലയളവുകളിലോ പിൻവലിക്കാവുന്നതാണ്. ആവർത്തിത നിക്ഷേപങ്ങൾക്ക് സമ്പാദ്യ നിക്ഷേപങ്ങളേക്കാൾ കൂടിയ പലിശ നിരക്ക് ലഭിക്കും. കറണ്ട് നിക്ഷേപങ്ങൾക്ക് ബാങ്കുകൾ പൊതുവെ പലിശ നൽകാറില്ല. | |
| 24 | 4<br><br>4 | A)<br>വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു - ഫ്യൂഡൽ നിയമങ്ങൾ അവസാനിപ്പിച്ചു. സമത്വം, മതസ്വാതന്ത്ര്യം – വിദ്യാഭ്യാസ പരിഷ്കാരങ്ങൾ - ബാങ്ക് ഓഫ് ഫ്രാൻസ് – ഏകീകൃത കറൻസി – സൈനിക പരിഷ്കാരം<br>**അല്ലെങ്കിൽ**<br>B)<br>ഒന്നാം എസ്റ്റേറ്റ് – പുരോഹിതർ - ഭൂസ്വത്തിന്റെ വലിയൊരു ഭാഗവും ഇവരുടെ കൈവശം – ഇവർ നികുതികളിൽ നിന്ന് ഒഴിവാക്കപ്പെട്ടു – കർഷകരിൽ നിന്ന് നികുതി പിരിച്ചു.<br>രണ്ടാം എസ്റ്റേറ്റ് – പ്രഭുക്കൾ - ഉയർന്ന സ്ഥാനങ്ങൾ, പദവികൾ - ഭൂവുടമകൾ - ആഡംബര ജീവിതം – ജനങ്ങളിൽ നിന്ന് നികുതി പിരിച്ചു – നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടു. | |
| 25 | 4 | A. സഹാറ മരുഭൂമി<br>B. മെഡിറ്ററേനിയൻ കാലാവസ്ഥാമേഖല<br>C. സ്റ്റെപ്പി<br>D. ടൈഗെ | |
| 26 | 4 | A)<br>സ്വതന്ത്ര ഇന്ത്യയിൽ സാമ്പത്തിക വളർച്ചയും വികസനവും കൈവരിക്കുന്നതിന് നാം സ്വീകരിച്ച തന്ത്രം ആസൂത്രണമായിരുന്നു.<br><u>ആസൂത്രണത്തിന്റെ ലക്ഷ്യങ്ങൾ</u><br>വളർച്ച – ആധുനികവൽക്കരണം – സ്വാശ്രയത്വം – തുല്യനീതി.<br>ഈ ലക്ഷ്യങ്ങൾ ആസൂത്രണ കമ്മീഷൻ നടപ്പിലാക്കിയത് പഞ്ചവത്സര പദ്ധതികളിലൂടെയാണ്. പഞ്ചവത്സര പദ്ധതികൾ അതത് കാല ഘട്ടത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഒട്ടൊക്കെ പര്യാപ്തമായിരുന്നു. | |

© State Assessment Cell - SCERT Kerala

| | | | |
|---|---|---|---|
| | 4 | നീതി ആയോഗിന്റെ ലക്ഷ്യങ്ങൾ<br>ഇന്ത്യയുടെ വികസന മുൻഗണനകൾക്കും പദ്ധതികൾക്കും കാഴ്ചപ്പാട് സൃഷ്ടിക്കുക.<br>സുസ്ഥിരവികസനവും സമഗ്രമായ വളർച്ചയും പ്രോത്സാഹിപ്പിക്കുക – നവീകരണം, സംരംഭകത്വം, തൊഴിലവസരങ്ങൾ പ്രോത്സാഹിപ്പിക്കുക – ആഗോള വൈവിധ്യവും വിഭവങ്ങളും പ്രയോജനപ്പെടുത്തുന്നതിന് അന്താരാഷ്ട്രസംഘടനകളുമായും രാജ്യങ്ങളുമായും സഹകരിക്കുക തുടങ്ങിയവയെല്ലാം ഈ കാലഘട്ടത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമായ കാര്യങ്ങളാണ്.<br>**അല്ലെങ്കിൽ**<br>B)<br>• കേരള ഡെവലപ്പ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC)<br>• കേരളത്തെ ഒരു വിജ്ഞാന സമ്പദ്വ്യവസ്ഥയായും നവീകരണത്തിന്റെ കേന്ദ്രമായും മാറ്റുക<br>• പുതിയ സാങ്കേതികവിദ്യകൾ, ഉൽപന്നങ്ങൾ, പ്രക്രിയകൾ എന്നിവയിലെ ഗവേഷണം പ്രോത്സാഹിപ്പിക്കുക<br>• നൈപുണി വികസന പരിപാടികൾ സംഘടിപ്പിക്കുക | |
| 27 | 4 | **മാധ്യമസാക്ഷരത**<br>• വിവിധ മാധ്യമരൂപങ്ങളിലൂടെ ലഭിക്കുന്ന സന്ദേശങ്ങളെ പ്രാപ്യമാക്കാനും വിശകലനം ചെയ്യാനും വിലയിരുത്താനും പുതിയസന്ദേശങ്ങൾ സൃഷ്ടിക്കാനും വിനിമയം നടത്താനുമുള്ള കഴിവ്<br>• മാധ്യമ ഉള്ളടക്കം എങ്ങനെ നിർമ്മിക്കുന്നുവെന്നും അത് നമ്മുടെ ധാരണകളെ എങ്ങനെ രൂപപ്പെടുത്തുന്നുവെന്നും വാർത്തകളെയും സന്ദേശങ്ങളെയും വിമർശനാത്മകമായി എങ്ങനെ വ്യാഖ്യാനിക്കണമെന്നതുമെല്ലാം ഇതിൽ ഉൾപ്പെടുന്നു.<br>**ഡിജിറ്റൽ സാക്ഷരത**<br>• ഡിജിറ്റൽ ഇടങ്ങളിൽ നിന്ന് വിവരങ്ങൾ കണ്ടെത്തുന്നതിനും വിലയിരുത്തുന്നതിനും ഡിജിറ്റൽ ഉപകരണങ്ങളും സാങ്കേതിക | |

© State Assessment Cell - SCERT Kerala

| | | | |
|---|---|---|---|
| | | വിദ്യകളും ഫലപ്രദമായി ഉപയോഗിക്കുന്നതിനുമുള്ള കഴിവ്<br>• ഇന്റർനെറ്റിന്റെ ഫലപ്രദമായ ഉപയോഗം, അടിസ്ഥാന കമ്പ്യൂട്ടർ പരിജ്ഞാനം<br>• ഓൺലൈൻ ഉള്ളടക്കങ്ങൾ വിശമർനാത്മകമായി വിലയിരുത്തൽ<br>• സൈബർ അവബോധം | |
| 28 | 4 | • റൗലറ്റ് നിയമം - 1919<br>• വാറന്റില്ലാതെ ആരെയും അറസ്റ്റ് ചെയ്യാം<br>• വിചാരണ കൂടാതെ ആരെയും ജയിലിലടക്കാം<br>• ദേശീയ ഹർത്താലിന് ആഹ്വാനം<br>• പഞ്ചാബ്, ലാഹോർ എന്നിവിടങ്ങളിൽ സമരം ശക്തം<br>• പഞ്ചാബിൽ പ്രാദേശിക നേതാക്കളുടെ അറസ്റ്റ്<br>• അറസ്റ്റിൽ പ്രതിഷേധിച്ചുള്ള ജാലിയൻ ബാലാബാഗിലെ പൊതുയോഗം<br>• പൊലീസ് വെടിവയ്പ്. ഇത്തരത്തിൽ സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്താനുള്ള ശ്രമമായിരുന്നു ജാലിയൻ വാലാബാഗ് സംഭവം. | |
| 29 | 4<br><br>4 | A)<br><u>താപം</u><br>ഭൗതിക അപക്ഷയത്തിന് കാരണമാകുന്നു. താപവ്യതിയാനം മൂലം ശിലാധാതുക്കൾ സങ്കോചിക്കുകയും വികസിക്കുകയും ചെയ്യുന്നു. കാലക്രമേണ ഇത് ശിലകൾ പൊടിയുന്നതിന് കാരണമാകുന്നു.<br><u>മരങ്ങളുടെ വേരുകൾ</u><br>ജൈവിക ഭൗതിക അപക്ഷയത്തിന് കാരണമാകുന്നു. സസ്യങ്ങളുടെ വേരുകൾ ശിലകളിലെ വിടവുകളിലേക്ക് ആഴ്ന്നിറങ്ങുകയും ക്രമേണ ശിലകൾ പിളരുകയും ചെയ്യുന്നു<br>**അല്ലെങ്കിൽ**<br>B)<br>• അഗ്നിപർവതങ്ങളിൽ നിന്നുള്ള ചാരം, ലാവ തണുത്തുറഞ്ഞുണ്ടാകുന്ന ശിലകൾ പൊടിഞ്ഞ് രൂപം കൊള്ളുന്ന മണ്ണ് എന്നിവ ഏറെ ഫലഭൂയിഷ്ഠമാണ്. | |

© State Assessment Cell - SCERT Kerala

| | | | |
|---|---|---|---|
| | | • കൃഷിക്കനുയോജ്യമായ ഇത്തരം പ്രദേശങ്ങൾ ആളുകളെ ആകർഷിക്കുന്നു.<br>• അഗ്നിപർവത പ്രദേശങ്ങളിൽ നിന്നും പുറന്തള്ളുന്ന ഭൗമതാപോർജം ചിലയിടങ്ങളിൽ വൈദ്യുതോർജമാക്കി മാറ്റി പലവിധ ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നു.<br>• മൂല്യമുള്ള പല ധാതുക്കളും ലാവയുടെ ഒഴുക്കിലൂടെ ഭൗമോപരിതലത്തിൽ എത്തിച്ചേരുന്നു. അഗ്നിപർവത മേഖലകൾ ധാരാളം വിനോദ സഞ്ചാരികളെ ആകർഷിക്കുന്നു. ഇത്തരം അനുകൂലനങ്ങൾ ഉള്ളതിനാലാണ് ആളുകൾ അഗ്നിപർവ്വത മേഖലകളിൽ താമസിക്കുന്നത്.<br>(ഏതെങ്കിലും 4 എണ്ണം) | |
| 30. | 5<br><br>5 | A)<br>മനുഷ്യരൂപങ്ങൾ - വ്യക്തത, സൂക്ഷ്മത – ശരീരശാസ്ത്രം – യുക്തിചിന്ത – വൈകാരികത – ഇഹലോക മൂല്യങ്ങൾ - കൃത്യത – യാഥാർഥ്യത്തോട് ചേർന്നു നിൽക്കുന്നവ – ജിയോട്ടോ - ജീവിതാനുഭവങ്ങൾ പേറുന്ന മനുഷ്യരൂപങ്ങൾ - ലിയനാർഡോ ഡാവിഞ്ചി – മൊണാലിസ, അന്ത്യ അത്താഴം – മൈക്കലാഞ്ചലൊ – അന്ത്യവിധി – ശക്തരും സുന്ദരരുമായ മനുഷ്യർ - ടിഷ്യൻ - റാഫേൽ<br><br>**അല്ലെങ്കിൽ**<br><br>B)<br>• 1930 – ഗാന്ധിജിയുടെ നേതൃത്വം<br>• ദണ്ഡി മാർച്ച്<br>• കർഷകർ : സർക്കാരിന്റെ നികുതി ബഹിഷ്കരിക്കൽ, ജന്മിമാർക്ക് പാട്ടത്തുക നൽകാതിരിക്കൽ<br>• തൊഴിലാളികൾ : റെയിൽവെ, തുറമുഖം, ഖനി എന്നിവിടങ്ങളിലെ തൊഴിലാളികളുടെ പങ്കാളിത്തം, ഷോലാപ്പൂരിലെ തൊഴിലാളികളുടെ സമരം<br>• ഗോത്രജനത : വന നിയമം ലംഘിക്കൽ<br>• സ്ത്രീകൾ : ഉപ്പു നിർമ്മാണം, വിദേശ വസ്തുക്കൾ വിൽക്കുന്ന കടകൾ പിക്കറ്റ് ചെയ്യൽ തുടങ്ങിയവയിലൂടെ സമരങ്ങളിൽ സജീവസാന്നിധ്യം | |

© State Assessment Cell - SCERT Kerala

| | | | |
|---|---|---|---|
| | | • കച്ചവടക്കാരും വ്യവസായികളും : ഇറക്കുമതി ചെയ്ത ഉൽപന്നങ്ങൾ ബഹിഷ്കരിക്കൽ. | |
| 31 | 5<br><br>5 | A)<br>അമിത വിഭവ ഉപഭോഗം മൂലം ഭാവിയിൽ ഉണ്ടായേക്കാവുന്ന ഊർജ പ്രതിസന്ധി പ്രകൃതിയിൽ ഇതിനോടകം ഉണ്ടായിട്ടുള്ള കോട്ടങ്ങൾ എന്നിവ പരിഹരിക്കുന്നതിന് നിലവിലെ ഊർജസ്രോതസുകൾക്കുപകരം സുസ്ഥിരമായ മറ്റ് ഊർജസ്രോതസുകളിലേക്ക് ശ്രദ്ധകേന്ദ്രീകരിക്കേണ്ടതുണ്ട്. അതായത് പുനരുപയോഗിക്കുവാൻ സാധിക്കുന്ന ഊർജസ്രോതസുകൾ നാം വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ എപ്പോഴും ലഭിക്കുന്നതും കാലാകാലം നിലനിൽക്കുന്നതുമായ ഊർജസ്രോതസുകളായ പാരമ്പര്യേതര ഊർജസ്രോതസുകളെ നമുക്ക് ആശ്രയിക്കേണ്ടതായിട്ടുണ്ട്. സൗരോർജം, കാറ്റ്, ഭൗമതാപോർജം, വേലിയേറ്റ ഊർജം, ഹൈഡ്രജനിൽ നിന്നുള്ള ഊർജം, ജൈവോർജം എന്നിവ നമ്മുടെ ഊർജസ്രോതസുകളായി ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയണം.<br>**അല്ലെങ്കിൽ**<br>B)<br>a. ക്രമമായ താപനഷ്ടനിരക്ക്<br>b. ട്രോപ്പോസ്ഫിയർ<br>c. 17.2ºC<br>d. ട്രോപ്പോസ്ഫിയറിൽ ഉയരം കൂടുന്തോറും അന്തരീക്ഷ താപനില കുറഞ്ഞു വരുന്നു. ഊട്ടി, മൂന്നാർ എന്നീ പ്രദേശങ്ങൾ ഉയർന്ന പ്രദേശങ്ങളായതിനാൽ ഈ പ്രദേശങ്ങളിൽ അന്തരീക്ഷ താപനില കുറവാണ്. | |

© State Assessment Cell - SCERT Kerala